# Desabhimani
# 27 August 2018
# Kozhikode, After Flood, Cleaning

### 5 ദിവസത്തിനിടെ നീക്കിയത്

# 594 ടൺ മാലിന്യം

**കോഴിക്കോട്**

പ്രളയം വൻ ദുരിതം വിതച്ച ഏഴ് ജില്ലകളിൽനിന്ന് അഞ്ചു ദിവസങ്ങളിൽ നീക്കിയത് 594.461 ടൺ മാലിന്യം. എറണാകുളം, കോട്ടയം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, തൃശൂർ എന്നീ ജില്ലകളിൽനിന്ന് ശുചിത്വമിഷൻ തയ്യാറാക്കിയ കണക്കാണിത്. സന്നദ്ധ സംഘടനകളും വീട്ടുകാരും അവരുടെ ബന്ധുക്കളും സുഹൃത്തുക്കളും നീക്കിയ മാലിന്യങ്ങളുടെ കണക്ക് ഇതിനു പുറമെ. ഈ ജില്ലകളിൽ വെള്ളക്കെട്ടിറങ്ങാത്ത സ്ഥലങ്ങളിൽ മാലിന്യം നീക്കൽ ആരംഭിക്കുന്നതോടെ ഈ കണക്ക് ഇരട്ടിയാവും. തദ്ദേശഭരണ സ്ഥാപനങ്ങൾ, വളന്റിയർമാർ, ശുചിത്വ മിഷൻ എന്നിവ മുഖാന്തിരം വെള്ളിയാഴ്ച വൈകിട്ടുവരെ 478.829 ടൺ ജൈവ മാലിന്യം ശേഖരിച്ചു. ഇതിൽ 407.069 ടണ്ണും സംസ്കരിച്ചു. ശേഖരിച്ച 115.632 ടൺ അജൈവ മാലിന്യം സംസ്കരണത്തിനായി ക്ലീൻ കേരളയെ ഏൽപ്പിക്കും. അടുത്ത ആഴ്ചയോടെ ഇതിനുള്ള നടപടി കൈക്കൊള്ളുമെന്ന് സംസ്ഥാന മിഷൻ പ്രോഗ്രാം ഓഫീസർ ഷാജി ക്ലെമന്റ് പറഞ്ഞു. ജൈവ, അജൈവ വസ്തുക്കൾക്കൊപ്പം ലക്ഷക്കണക്കിന് മൃഗങ്ങളുടെയും പക്ഷികളുടെയും ജഡങ്ങളും പ്രളയത്തിൽ വന്നടിഞ്ഞു. 7.07 ലക്ഷം ചെറുതും വലുതുമായ മൃഗങ്ങളുടെയും പക്ഷികളുടെയും ജഡങ്ങളാണ് കുഴിച്ചുമൂടിയും കത്തിച്ചും സംസ്കരിച്ചത്. സിഎഫ്എൽ ഉൾപ്പെടെ ആപത്കരമായ മാലിന്യങ്ങളും ഒഴുകിയെത്തിയിട്ടുണ്ട്. വെള്ളം കയറിയ 3,71,203 വീടുകളിൽ 1,94,805 വീടുകളും 4363 പൊതുസ്ഥാപനങ്ങളിൽ 1632 ഉം, 1,56,324 കിണറുകളിൽ 78,137 ഉം ശുചിയാക്കി. 2,07,396 മീറ്റർ ഓടയും ശുചീകരിച്ചു.